# പൈനാപ്പിൾ ഗവേഷണ കേന്ദ്രം, വാഴക്കുളം–
# വികസന രൂപ രേഖ


**ഡോ. പി. പി. ജോയി**

**അസ്സോസ്സിയേറ്റ് പ്രൊഫസർ & ഹെഡ്**



**കേരള കാർഷിക സർവ്വകലശാല**

**പൈനാപ്പിൾ ഗവേഷണ കേന്ദ്രം**

**വാഴക്കുളം, മൂവാറ്റുപുഴ, എറണാകുളം ജില്ല, കേരളം**

Tel. & Fax: 0485-2260832, Mobile: 9446010905
Email: prsvkm@kau.in, prsvkm@gmail.com
Web: www.kau.edu/prsvkm, http://prsvkm.tripod.com


**25.08.2011**

# പൈനാപ്പിൾ ഗവേഷണ കേന്ദ്രം, വാഴക്കുളം- വികസന രൂപ രേഖ

അനാനസ് കോമോസസ് എന്നീ ശാസ്ത്ര നാമത്തിൽ അറിയപ്പെടുന്ന പൈനാപ്പിൾ നമ്മുടെ ആരോഗ്യത്തിന് ഉത്തമമായ കാൽസ്യം, പൊട്ടാസ്യം, നാരുകൾ ജീവകം സി എന്നിവ ധരാളമായി അടങ്ങിയിട്ടുള്ള അൽഭുത പഴമാണ്. ജീവകം സി ശരീരത്തിലെ സെല്ലുകളുടെ ആരോഗ്യത്തിന് ഉത്തമമാണ്. ദഹനപ്രക്രിയക്ക് ആവശ്യമായ ഊർജ്ജം പൈനാപ്പിളിൽ ധാരാളമായുണ്ട്. സൈനസൈറ്റിസ്, തൊണ്ടവീക്കം, സന്ധിവാതം എന്നീ രോഗങ്ങൾ പ്രതിരോധിക്കുന്ന 'ബ്രോമിലിൻ' പൈനാപ്പിളിൽ ധാരാളമായി അടങ്ങിയിരിക്കുന്നു. ഇതിൽ ഉള്ള എൻസൈം മുറിവുകൾ ഉണങ്ങുന്നതിന് സഹായിക്കുന്നതും, രക്തം കട്ടപിടിക്കുന്നതിനെ തടയുകയും, ഹൃദയവാൽവുകളിലെ രക്തസമ്മർദ്ദം നീക്കുന്നതിനും ഉത്തമമാണ്. ഇങ്ങനെ നോക്കുമ്പോൾ ആരോഗ്യദായകയുമായ പഴങ്ങളിൽ പൈനാപ്പിളിന്റെ സ്ഥാനം അഗ്രഗണ്യമാണ്.

## ആഗോളതലം

പൈനാപ്പിളിന്റെ ആവശ്യകത ഓരോ വർഷവും ഏറിവരുന്നതായാണ് കാണുന്നത്. ഉൽപാദനത്തിന്റെ 50% പഴമായും, ശേഷിക്കുന്ന 20% പാനീയങ്ങളായും ആണ് ഉപയോഗിക്കുന്നത്. പൈനാപ്പിൾ പഴത്തിന്റെ ആവശ്യകത ലോകത്തിലാകെ നോക്കുമ്പോൾ 100% ഉയർന്നതായാണ് കഴിഞ്ഞ ഒരു വർഷത്തെ വളർച്ച നോക്കുമ്പോൾ കാണാൻ കഴിയുന്നത് . ഉൽപാദനത്തിൽ 6-)0 സ്ഥാനം ഉണ്ടെങ്കിലും ലോക വ്യാപരത്തിൽ നമ്മുടെ പങ്ക് വെറും 8% മാത്രമാണ്. ഇന്ത്യൻ മഹാസമുദ്രത്തിന്റെ ചുറ്റുമുള്ള രാജ്യങ്ങൾ പൈനാപ്പിൾ ഇറക്കമതി ചെയ്യുന്നത് ദൂരെയുള്ള രാജ്യങ്ങളിൽ നിന്നാണ്.

## ദേശിയതലം

ഉൽപാദനത്തിൽ 6-ാം സ്ഥാനമുള്ള ഇന്ത്യ ലോക വ്യാപാരത്തിന്റെ 8% മാത്രമാണ് പങ്കിടുന്നത്. ഇന്ത്യയിൽ 84,000 ഹെക്ടർ പ്രദേശത്തു നിന്നുമായി 1,3,41,000 ടൺ പൈനാപ്പിൾ ആണ് വാർഷികമായി ഉൽപാദിപ്പിക്കുന്നത്. ഇവിടെ നിന്നും നേപ്പാൾ, മാലിദ്വീപ്, കസാക്കിസ്ഥാൻ എന്നിവടങ്ങളിലേക്കും കൂടാതെ ഗൾഫ് നാടുകളിലേക്കുമാണ് പൈനാപ്പിൾ കയറ്റുമതി ചെയ്യുന്നത്. കർണാടക, കേരളം, പശ്ചിമ ബംഗാൾ, മഹാരാഷ്ട്ര, ആസ്സം, മണിപ്പൂർ എന്നീവിടങ്ങളിലും മേഘാലയ, മണ്ണിപ്പൂർ, തുടങ്ങിയ വടക്കു കിഴക്കൻ സംസ്ഥനങ്ങളിലും ആണ് പ്രധാനമായും പൈനാപ്പിൾ കൃഷി ചെയ്തുവരുന്നത്. കൃഷി വ്യവസായത്തിൽ ആസ്സാമും, ഉൽപാദനത്തിൽ ബംഗാളും മുന്നിട്ടു നിൽക്കുന്നു.

## സംസ്ഥാനതലം

കേരളത്തിൽ പൈനാപ്പിൾ 12,500 ഹെക്ടർ സ്ഥലത്ത് തുടർച്ചയായി 1,02,400 ടൺ ഉൽപാദനത്തോടെ ഹെക്ടറിനും 8.2 ടൺ കുറഞ്ഞ ഉൽപാദന ക്ഷമതയാണ് ഇപ്പോഴുള്ളത്. ഈർപ്പമുള്ള കാലാവസ്ഥ പൈനാപ്പിൾ കൃഷിക്ക് അനുയോജ്യമാണ്. മികച്ച ഗുണ നിലവാരമുള്ള 'മൗറിഷ്യസ് പൈനാപ്പിൾ' ഉൽപാദിപ്പിക്കുന്നത് കേരളമാണ്. കേരളത്തിലെ പൈനാപ്പിളിന്റെ ഗുണനിലവാരവും, രുചിയും, സ്വാദും അതിനെ ഇന്ത്യയിൽ മാത്രമല്ല ലോകത്താകമാനവും പ്രിയപ്പെട്ടതാക്കുന്നു. കേരളത്തിൽ എല്ലാ ജില്ലകളിലും പൈനാപ്പിൾ കൃഷിയുണ്ടെങ്കിലും അതിന്റെ വ്യാപ്തിയും, ഗതിയും ഓരോ ജില്ലയിലും വ്യത്യാസമുണ്ട്. കേരളത്തിൽ 60% ഉൽപാദനത്തോടെ പൈനാപ്പിൾ കൃഷിയിൽ മുൻപന്തിയിൽ നിൽക്കുന്നത്

എറണാകുളം ജില്ലയാണ്. എറണാകുളം ജില്ലയിൽ തന്നെ വാഴക്കുളമാണ് പൈനാപ്പിൾ കൃഷിയിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നത്.

കേരളത്തിൽ റബ്ബറിന്റെയും, തെങ്ങിന്റെയും ഇടവിളയായും, തനിവിളയായും നികത്തിയ പാടങ്ങളിലുമാണ് പൈനാപ്പിൾ കൃഷിചെയ്യുന്നത്. അതിന്റെ സാധ്യത വർദ്ധിപ്പിക്കുകയും കൂടുതൽ വരുമാനം ലഭിക്കുന്നതുമാണ്. പ്രത്യേകിച്ച് വേരുചീയൽ കാരണം തെങ്ങ് നശിച്ചു പോകുന്ന സാഹചര്യത്തിൽ ഇങ്ങനെ ഇടവിളയായി പൈനാപ്പിൾ കൃഷി ചെയ്യുന്നത് കൃഷിക്കാകെ ഒരു അനുഗ്രഹമാണ്. 5 ഹെക്റ്റർ ലക്ഷം റബ്ബർ തോട്ടങ്ങൾ ഉള്ളതിൽ 1500ഹെക്റ്റർ ഓരോ വർഷം ആവർത്തന കൃഷി ചെയ്യുന്നു. ഈ സമയത്തെ വരുമാനത്തിനായി പൈനാപ്പിൾ ഇടവിളയായി ഉൽപാദിപ്പിക്കാം.

## കേരളത്തിന്റെ നേട്ടങ്ങൾ

കയറ്റുമതി സാധ്യതയുള്ള ‘മൗറിഷ്യസ്’ ഇനം പൈനാപ്പിൾ ഏറ്റവും അധികം ഉൽപാദിപ്പിക്കുന്നത് കേരളമാണ്. ആധുനിക കൃഷിരീതികളായ ഹോർമൊൺ തളിക്കലും, സാന്ദ്രത കൂട്ടിയുള്ള കൃഷിയും, അതുപോലുള്ള മറ്റു രീതികളും ഇപ്പോൾ കൃഷിക്കാർ നടത്തുന്നു. പൈനാപ്പിൾ മൂല്യ വർദ്ധക ഉൽപന്നങ്ങളായും, അല്ലാതെയും ഇപ്പോൾ വിപണി കയ്യടക്കിയിരിക്കുന്നു. ‘മൗറിഷ്യസ്’ ഇനത്തിന്റെ കയറ്റുമതി സാധ്യത അതിനെ കൂടുതൽ കൃഷി ചെയ്യാനായി നിർദ്ദേശിക്കുന്നു. അതിനു കാരണം ആ ഇനത്തിന്റെ രുചിയും, ഷെൽഫ് ലൈഫും കൂടുതലാണ് എന്നതാണ്. കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റി പുറത്തിറക്കിയ ക്യൂന്റെയും റിപ്ലി ക്യൂന്റെയും സങ്കര ഇനമാണ് അമൃത. ഈ പഴം ദീർഘവൃത്താകൃതിയിലും, അറ്റം കൂർത്തതും, 1.5–2 kg തൂക്കം വരുന്നതുമാണ്. മൂക്കാത്ത പഴങ്ങൾ പച്ചയായും, പഴുത്തു വരുമ്പോൾ ഒരു പോലെ മഞ്ഞ നിറവും ആകുന്നു. പഴങ്ങൾ ബലമുള്ളതും, മണമുള്ളതും, തൊലിക്ക് 6cm കട്ടിയുള്ളതും, നാരില്ലാത്തതും, ദൃഢമായതും, ചെറിയ മഞ്ഞ കളറോടും കൂടിയതാണ്. അത് രുചിയും, ഉയർന്ന ടൊട്ടൽ സൊലുബിൾ സൊളിഡും, താഴ്ന്ന അമ്ലതയും ഉള്ളതാണ്. വാഴക്കുളം പൈനാപ്പിൾ 50 ലേറേ വർഷങ്ങളായി വാഴക്കുളത്തും, പരിസരത്തും വാണിജ്യ അടിസ്ഥാനത്തിൽ കൃഷിചെയ്യുന്നു. വർഷകാലം ഒഴിച്ച് മറ്റെല്ലാ മാസങ്ങളിലും പൈനാപ്പിൾ കാനി നടുന്നു. വാഴക്കുളത്തു നിന്നാണ് മറ്റെല്ലാ ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലേക്കും ഇന്ത്യ മുഴുവനും പൈനാപ്പിൾ എത്തുന്നത്. പൈനാപ്പിൾ കൂടുതലായും കൃഷിചെയ്യുന്നത് എറണാകുളം ജില്ലയിലും, കോട്ടയത്തും, പത്തനംതിട്ടയിലും, ഇടുക്കിയിലെ നിരപ്പായ പ്രദേശത്തുമാണ്. ആഗ്രികൾചറൽ ഹോർട്ടികൾചറൽ ഉൽപന്നമായി, ചെന്നൈയിലെ GI റെജിസ്റ്റ്രി വാഴക്കുളം പൈനാപ്പിൾ ഭൂസൂചിക അടിസ്ഥാനത്തിൽ no. 130 ആയി സെപ്റ്റംബർ 4. 2009 ന് റെജിസ്റ്റർ ചെയ്തു. അതിൻ പ്രകാരം വാഴക്കുളം പൈനാപ്പിളിന്റെ ഉടമസ്ഥവകാശം NAPCL അവോലി മുവാറ്റുപുഴ 686677, കേരള ആഗ്രികൾചറൽ യൂണിവേഴ്സിറ്റി വെള്ളാനിക്കര, തൃശൂർ 6800656 & പൈനാപ്പിൾ ഫാർമേഴ്സ് അസ്സോസിയേഷൻ, വാഴക്കുളം686670 എന്നിവർക്കാണ്. പ്രാദേശികമായി ‘കന്നാര’അറിയപ്പെടുന്ന, വാഴക്കുളം പൈനാപ്പിൾ മൗറിഷ്യസ് ഇനത്തിൽപ്പെടുന്നതും, ‘അനാനസ് കോമോസസ്” എന്ന വർഗ്ഗത്തിൽപ്പെടുന്നതുമാണ്. ഈ ചെടി 85–90 cm ഉയരം വയ്ക്കുന്നതും, ഇലകൾ മുള്ളുളതുമാണ്. 12–13 മാസം കൊണ്ട് വിളവ് തരുന്നതും , പഴത്തിന് 1.2–1.4 kg തൂക്കം വരുന്നതുമാണ്. ഇതിന്റെ പഴത്തിന് നല്ല മണവും, കോൺ അകൃതിയും, ദൃഢമായതും, കണ്ണ് ആഴമുള്ളതും ആണ്. ബ്രിക്സ് 14–16$^0$ ഉം അമ്ലം 0.5–0.7% മാണ്. വിളവെടുപ്പിന് ശേഷം കൈകാര്യം ചെയ്യുമ്പോഴും, ദൂരസ്ഥലങ്ങളിലേക്ക് കയറ്റുമതി ചെയ്യുമ്പോഴും ഉണ്ടാകാവുന്ന

കേട് ഈ പഴങ്ങൾക്ക് ചെറുക്കുവാൻ കഴിവുണ്ട്. നല്ല മണവും, രുചിയും, താഴ്ന്ന അമ്ലവും, GI റെജിസ്ട്രേഷനും വാഴക്കുളം പൈനാപ്പിളിന്റെ കയറ്റുമതി സാധ്യത കൂട്ടുന്നു.

# പൈനാപ്പിൾ ഗവേഷണ കേന്ദ്രം

പൈനാപ്പിൾ കർഷകർക്ക് ഗവേഷണ വികസന സഹായത്തിനായി പൈനാപ്പിൾ ഗവേഷണ കേന്ദ്രം 1995 ജനുവരി 2 ന് വാഴക്കുളത്ത് ആരംഭിച്ചു. അന്നു മുതൽ കേരള കാർഷിക സർവ്വകലാശാലയുടെ കീഴിൽ ഈ ഗവേഷണ കേന്ദ്രം ഇന്ത്യയിലാകമാനവും, പ്രത്യേകിച്ച് കേരളത്തിൽ, പൈനാപ്പിൾ കർഷകർക്ക് ഒരത്താണിയായി നില കൊള്ളുന്നു. കേരള ഹോർട്ടികൾച്ചർ വികസന പദ്ധതിയുടെ (കെ.എച്ച്.ഡി.പി) കീഴിൽ 2.1.1995 –ൽ ''പൈനാപ്പിൾ ഗവേഷണ കേന്ദ്രം:, വിളകൾ നശിപ്പിക്കുന്ന കൃമികീടങ്ങളും അവയുണ്ടാക്കുന്ന രോഗങ്ങളിൽ നിന്നുള്ള പരിപാലനയൂണീറ്റും'' എന്ന പേരിലാണ് ആരംഭിച്ചത്. 24.6.1996–ൽ ഓഫീസും അതിനോടനുബന്ധിച്ച് ഗവേഷണശാലയും പണിയുന്നതിന് റെവന്യൂ ഡിപ്പാർട്ടുമന്റ് കേരള കാർഷിക സർവ്വകലാശാലക്ക് 15 സെന്റ് സ്ഥലം വിട്ടുതന്നു. 1.7.1997 –ൽ ഈ കേന്ദ്രം കെ.എച്ച്.ഡി.പി യിൽ നിന്നും മാറി കേരള കാർഷിക സർവ്വകലാശാലയുടെ ഭാഗമായി. 27.6.1998–ൽ കേന്ദ്രം ഇപ്പോഴത്തെ നിലയിൽ പണി കഴിപ്പിച്ചു.

## കാര്യ നിയോഗങ്ങൾ

1) പൈനാപ്പിൾ കർഷകർക്ക് ഗവേഷണ വികസന നിർദ്ദേശങ്ങൾ നൽകുക.

2) പൈനാപ്പിൾ മേഖലയിൽ സാങ്കേതിക മികവുള്ള ഉൽപന്നങ്ങളും, ഇനങ്ങളും സേവനങ്ങളും ലഭ്യമാക്കുക.

3) പൈനാപ്പിളിലും കേരളത്തിലെ മറ്റു പഴവർഗ്ഗങ്ങളിലും അടിസ്ഥാനപരവും, പ്രയോഗികവുമായ ഗവേഷണം നടത്തുക.

## നേട്ടങ്ങൾ

ഈ കേന്ദ്രം പൈനാപ്പിൾ കൃഷിയുടെ വിവിധ വശങ്ങളെക്കുറിച്ച് ഗവേഷണം നടത്തി. റബറിന്റെയും, തെങ്ങിന്റെയും ഇടവിളയായി പൈനാപ്പിൾകൃഷി നടത്തുമ്പോൾ അതിനുള്ള ഇടയകലം കൊടുക്കലിന്റെയും, സാന്ദ്രതയും, ജൈവവളപ്രയോഗങ്ങളെയും കുറിച്ച് പഠനം നടത്തി. കൂടാതെ പുതിയ ഇനങ്ങളുടെ ഉൽപാദനം നടത്തി. ഈ സ്ഥാപനത്തിന്റെ നിരന്തര പരിവേഷണത്തിന്റെയും, ഗവേഷണത്തിന്റെയും ഫലമായി വാഴക്കുളം പ്രദേശത്ത് പൈനാപ്പിളിൽ മീലി ബഗ് വാട്ടവുമായി ബന്ധപ്പെട്ട വൈറസ് പൈനാപ്പിൾ കൃഷിയെ ദോഷകരമായി ബാധിക്കുന്നതായി കണ്ടെത്തി. ഈ ഗവേഷണ സ്ഥാപനത്തിന്റെ പഠനഫലമായി 'മൗറിഷ്യസ്' എന്ന ജനപ്രീതി നേടിയ ഇനത്തിന്റെ ഉൽപാദനത്തിന് ചില മാർഗ്ഗരേഖകൾ ശുപാർശ ചെയ്തു. ഈ ശുപാർശകളെല്ലാം പൈനാപ്പിൾ കർഷകരിലേക്ക് എത്തിച്ചിട്ടുണ്ട്.

## *പരീക്ഷണ ശാലകൾ*

ടിഷ്യൂകൾച്ചർ, ജീവ രസതന്ത്രം, രോഗനിർണ്ണയശാല എന്നീ പരീക്ഷണ ശാലകളിലായി, ജെൽഡോക്യൂമന്റേഷൻ, എലീസ റീഡർ & വാഷർ, പി.സി.ആർ, യു.വി. വിസ് സ്പെക്റ്റ്രോഫോട്ടോമീറ്റർ, യു.വി.ട്രാൻസില്ലുമിനറ്റർ, ഫ്ളയിംഫോട്ടോമീറ്റർ, സെന്റ്രിഫ്യൂജ്,മൈക്രോസ്ക്രോപ്പ്സ്, എലക്ട്രോഫൊറിസിസ്, ഇളക്കുന്ന യന്ത്രം, അതികൃത്യതാ തുലാസ്, ഓവൻസ്, ഡീപ് ഫ്രീസർ, ബി.ഓ.ഡി., ലാമിനാർ എയർ ഫ്ളോ, ഡിസ്റ്റിലറി യൂണിറ്റ് തുടങ്ങിയ ശാസ്ത്ര സാങ്കേതികോപകരണങ്ങൾ പ്രവർത്തനക്ഷമമാണ്.

## ഗവേഷണം

ഈ ഗവേഷണ കേന്ദ്രം പൈനാപ്പിളിന്റെയും, കേരളത്തിലെ മറ്റു പഴവർഗ്ഗങ്ങളുടെയും പുരോഗതിക്കു വേണ്ടി അടിസ്ഥാനവും, പ്രായോഗികവുമായ പഠനങ്ങൾ നടത്തുന്നു. പ്രധാനമായും ഈ പഠനങ്ങൾ സംയുക്ത സാങ്കേതിക വികസന രീതിയാണ് നടപ്പിലാക്കുന്നത്. ഈ പഠനങ്ങൾക്കുവേണ്ട ധനസഹായം കേരള കാർഷിക സർവ്വകലാശാല, കേന്ദ്ര– സംസ്ഥാന സർക്കാരുകൾ, ഐ.സി.എ.ആർ, എസ്.എച്ച്.എം, എൻ.എച്ച്.എം തുടങ്ങിയവയാണ് നൽകുന്നത്.

## പൈനാപ്പിൾ ഗവേഷണ കേന്ദ്രത്തിൽ ലഭ്യമായിട്ടുള്ള സാങ്കേതിക സഹായ*ങ്ങൾ*

താഴെ പറയുന്ന സാങ്കേതിക സാഹായങ്ങളാണ് ഇവിടെ ലഭ്യമാക്കിയിട്ടുള്ളത്.

1. തേങ്ങ്, റബ്ബർ, കശുമാവ്, എന്നിവയുടെ ഇടവിളയായും , അല്ലതെയും ഉള്ള മണ്ണിന്റെയും കാലവസ്ഥയുടേയും മാറ്റങ്ങൾക്കനുസരിച്ചുള്ള കൃഷിക്കായുള്ള നിർദ്ദേശങ്ങൾ. പൈനാപ്പിൾ കൃഷിക്കാവശ്യമായ നിർദ്ദേശങ്ങളും ഉപദേശങ്ങളും
2. പൈനാപ്പിളിന്റെയും, പാഷൻ ഫ്രൂട്ടിന്റെയും ഗുണനിലവാര പരിശോധന. ഇത് പഴങ്ങളുടെ കയറ്റുമതിക്ക് സഹായകരമാണ്. പഴങ്ങളുടെ സെൽഫ് ലൈഫ് കൂട്ടുവാനും ,അത് നിറം മങ്ങാതെ വയ്ക്കനും ഈ പഠനം സഹായിക്കുന്നു.
3. പൈനാപ്പിളിനെ ബാധിക്കുന്ന കീടങ്ങളുടെയും, അവ ഉണ്ടാക്കുന്ന രോഗങ്ങളെക്കുറിച്ചുമുള്ള പഠനം. കീടങ്ങളും, ഫംഗസ് രോഗങ്ങളും വൈറസ് രോഗങ്ങളും നമുക്ക് ഡക്എലീസ എന്ന സാങ്കേതിക വിദ്യ വഴി കണ്ടുപിടിക്കാം.
4. ടിഷ്യൂകൾച്ചർ വഴി പൈനാപ്പിളിന്റെയും, പാഷൻ ഫ്രൂട്ടിന്റെയും, വാഴയുടെയും തൈകളുടെ ഉൽപാദനം

# പൈനാപ്പിൾ ഗവേഷണ കേന്ദ്രത്തിന്റെ വികസന രേഖ

ഗവേഷണ കേന്ദ്രത്തിൽ നാല് പ്രധാന വികസന പദ്ധതികളാണ് നിലവിലുള്ളത്. കേന്ദ്രത്തിലെ ഗവേഷണ നിരീക്ഷണങ്ങൾ NAPCL നടുക്കര പാട്ടത്തിനു തന്നിരിക്കുന്ന 5 km അകലയുള്ള 1.2 ഹെക്ടർ ഭൂമിയിലാണ് നടക്കുന്നത്. ഈ പാട്ട കാലാവധി 2012 സെപ്റ്റംബർ 30 –ന് തീരുകയും ചെയ്യും. 5 km അകലയുള്ള ഈ ഭൂമിയിൽ നട്ടിരിക്കുന്ന ചെടികളുടെ സത്യസന്ധമായ നടത്തിപ്പും, നിർവ്വഹണവും വളരെ ബുദ്ധിമുട്ടിലാണ്. പ്രബലമായ ഗവേഷണ ഫലങ്ങൾക്ക് അവ കൃത്യമായ ശാസ്ത്രീയ അടിസ്ഥാനത്തിൽ നടത്തണം. ഈ സാഹചര്യത്തിൽ ഗവേഷണ കേന്ദ്രത്തിനു എളുപ്പത്തിൽ എത്തിചേരാൻ കഴിയുന്ന ദൂരത്തിൽ വേലിയും, കാവലുമുള്ള ഒരു സ്ഥിര കൃഷി സ്ഥലം ആവശ്യമാണ്. ഞങ്ങളുടെ പ്രാഥമിക അന്വോഷണത്തിൽ ആവോലി പഞ്ചായത്തിൽ മൂവാറ്റുപുഴ വില്ലേജിൽ ഈ കേന്ദ്രത്തിന്സമീപത്തായി സ്. ൻ 71/2 –ൽ 4.355 ഏക്കറും 72/3 –ൽ 1.235 ഏക്കറും 73/1 –ൽ 2.265 ഏക്കറും ഉൾപ്പെടെ ആകെ 7.855 ഏക്കർ ഭൂമി ലഭ്യമാണെന്ന് അറിയാൻ കഴിഞ്ഞു. ഈ ഭൂമി പൈനാപ്പിൾ ഗവേഷണ കേന്ദ്രത്തിന് ഗവേഷണ സ്ഥലമയി ലഭിക്കുകയാണങ്കിൽ ഈ സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾ കൂടുതൽ വിപുലപ്പെടുത്തുന്നതിനും അതുപോലെ മറ്റു ഫലവർഗ്ഗ വിളകളെ കൂടി ഉൾപ്പെടുത്തി നമ്മുടെ ജില്ലയും സമീപ പ്രദേശങ്ങളും ഏറ്റവും പ്രയോജനകരമായ രീതിയിൽ പ്രവർത്തനം വിപുലീകരിയ്ക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ആയതിലേക്ക് താങ്കളുടെ എല്ലാ സഹായ സഹകരണങ്ങളും പ്രതീക്ഷിക്കുന്നു.

- ക്യാനിങ്ങിനും ,ജ്യൂസ്സിനും ,പഴമായും ഉപയോഗിക്കവുന്ന പൈനാപ്പിൾ ഇനത്തെ ഗവേഷണം വഴി ക ുപിടിക്കുക

- ടിഷ്യൂ കൾച്ചർ വഴി ഓരോ ഇനത്തിന്റെയും ധാരാളം തൈകൾ ഉണ്ടാക്കുക.
- നൂതന സാങ്കേതിക വിദ്യ വഴി ഓരോ പഴങ്ങളുടെ ഉൽപാദനം വർദ്ധിപ്പിക്കുക.
- വിളവെടുപ്പിനുശേഷമുള്ള കേടുപാടുകൾ കുറയ്ക്കുകയും ഫലസംസ്കരണം വഴി ഉൽപന്നങ്ങൾ ഉണ്ടാക്കുക.
- പൈനാപ്പിൾ ഇലകളിൽ നിന്നും നാരുൽദ്ധാരണത്തിലൂടെ ഉൽപന്നങ്ങൾ ഉണ്ടാക്കുക.
- പ്രോട്ടിൻ വിഘടന എൻസൈം ബ്രോമിലിൻ ഉദ്ധാരണത്തിലൂടെ വാണിജ്യവൽകരിക്കുക.
- പഴങ്ങൾ ദീർഘകാലം സൂക്ഷിച്ചുവയ്ക്കുക്കയും, വാണിജ്യം ചെയ്യുവാനുമുള്ള സഹായങ്ങൾ
- കൃഷിക്കാർക്ക് ഓരോ ഇനത്തിന്റെയും പ്രത്യേകതകൾ മനസിലാക്കി കൃഷി ചെയ്യുവാൻ തരത്തിലുള്ള പരിശീലനം നൽകുക.
- കേടുവന്ന പൈനാപ്പിൾ വളമായി മാറ്റുന്നതിനു പരിശീലനം.

അസന്ന ഭാവിയിൽ മറ്റ് ഫല വർഗ്ഗ വിളകളായ മാവ്, റംബൂട്ടാൻ, മാഗോസ്റ്റിൻ, പപ്പായ, സപോട്ട, ജാക്ക്ഫ്രൂട്ട് എന്നിവയുടെ ഉൽപാദനത്തിലും, ഗവേഷണ മേഖലയിൽ മേൽകോയ്മയും, ആധിപത്യവും സ്ഥാപിച്ച് Tropical Fruit Crops Research Station (TFCRS) എന്ന പേരിൽ ഉയരുവാനാണ് PRS ലക്ഷ്യമാക്കുന്നത്. ഏറ്റവും മികച്ച മാനവിക ശേഷിയും, ഭൗതിക ഘടനാ വികസനവും സംയോജിപ്പിച്ചു കൊുള്ള അശ്രാന്ത ഗവേഷണ വികസന പ്രവർത്തനങ്ങളിലൂടെ പൈനാപ്പിൾ മേഖലയിൽ മേൽകോയ്മയും, ആധിപത്യവും സ്ഥാപിച്ച് കർഷകർക്ക് മികച്ച സാങ്കേതികവിദ്യയും, ഉൽപന്നങ്ങളും, സേവനങ്ങളും നൽകുവാൻ ഈ ഗവേഷണ കേന്ദ്രം ബദ്ധശ്രദ്ധമാണ്.

## TFCRS ൽ ഉൾക്കൊള്ളുന്നത്

1) സാങ്കേതിക വിഭാഗം

a) വിളവ് മെച്ചപ്പെടുത്തൽ

b) ഫലോൽപാദനം

c) വിളവുകളുടെ പരിപാലനം

2) ഉൽപാദന വിഭാഗം

a) ഫലസംസ്കരണവും ,മൂല്യ വർദ്ധന ഉൽപാദനങ്ങളും

b) ഗുണ നിലവാര പരിശോധന

3) സേവന വിഭാഗം

a) സാങ്കേതിക വിദ്യയുടെ കൈമാറ്റം.

വാഴക്കുളവും, പരിസരപ്രദേശങ്ങളും പൈനാപ്പിൾ, പാഷൻ ഫ്രൂട്ട്, വാഴ, മാവ്, പ്ലാവ്, റംബൂട്ടാൻ, മഗോസ്റ്റിൻ ,പപ്പായ, തുടങ്ങിയ ഫലങ്ങളുടെ ഉൽപാദനത്തിന് പ്രസിദ്ധമാണ്. ഇവയിൽ കർഷകർക്ക് കാർഷികോപദേശങ്ങൾ നൽകുന്ന മറ്റൊരു ഗവേക്ഷണ കേന്ദ്രവും എറണാകുളം ജില്ലയിലില്ല. സ്ഥിരമായ കൃഷിസ്ഥലവും, തൊഴിലാളികളും ഉണ്ടെങ്കിൽ

ഗവേഷണ നിരീക്ഷണങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുക വഴി ജില്ലയിലെ കാർഷിക മേഖല ശക്തിപ്പെടുത്തുകയും, കൃഷിക്കാരുടെ വരുമാനം വർദ്ധിക്കുകയും ചെയ്യും.

ഗവേഷണ കേന്ദ്രത്തിനും, കൃഷി അടിസ്ഥാനമാക്കിയും പൈനാപ്പിൾ,പാഷൻഫ്രൂട്ട്, വാഴ എന്നിവയുടെ ഉൽപാദനവും. ഇവയുടെ കൃത്യമായ ഗവേഷണ നിരിക്ഷണങ്ങൾക്ക് തൊഴിലാളികളെ ആവശ്യമുണ്ട്. അങ്ങനെ വാഴക്കുളം പ്രദേശത്തുള്ള അനേകർക്ക് തൊഴിൽ അവസരവും, നമ്മുടെ ഗവേഷണ ശാസ്ത്രിയ അടിസ്ഥാനത്തിലുള്ള കൃത്യമായ സാങ്കേതികോപദേശങ്ങൾ കിട്ടുക്കയും ചെയ്യും. ഈ ഗവേഷണ കേന്ദ്രം കേരളത്തിലെ മറ്റു വിളകളിൽ കൂടി ശ്രദ്ധകേന്ദ്രീകരിക്കുമ്പോൾ കേരളത്തിലെ പ്രത്യേകിച്ച് ഈ ജില്ലയിലെ എല്ലാ കർഷകർക്കും കൃഷിക്കാവശ്യമുള്ള നിർദ്ദേശങ്ങൾ നൽകാൻ സാധിക്കും.

ഈ ഗവേഷണ സ്ഥാപനത്തിന് സ്വന്തമായി കൃഷിയും അനുബന്ധ സൗകര്യങ്ങളും ഉണ്ടാക്കുന്നതുവഴി ഈ ജില്ലയുടെ തന്നെ കർഷികവും, സാമ്പത്തികവും ആയ മേഖലയുടെ ഉന്നതിക്കും, സമീപ പ്രദേശങ്ങളിലുള്ള സാധാരണകാരായ തൊഴിൽരഹിതരുടെ തൊഴിൽ സാധ്യതയ്ക്കും കാരണമാകുമെന്നും പ്രതീക്ഷിക്കാവുന്നതാണ്. അയതിനാൽ ആവശ്യമായ അനന്തര നടപടികൾക്കായി ശുപാർശ സമർപ്പിക്കുന്നു.

വാഴക്കുളം
25.08.2011

ഡോ. പി. പി. ജോയി
അസ്സോസ്സിയേറ്റ് പ്രൊഫസർ & ഹെഡ്